
drvahidka@gmail.com
ഡോ. കെ.എ വാഹിദ്, കൊല്ലം

# ഖുർആൻ ശാസ്ത്ര ചിന്തകൾ

ജി. കുമാരപിള്ളയുടെ 'നന്മതൻ ജീവാവതാരമാവണം, ഒരു പൂവാവുന്നതിനേക്കാൾ പൂന്തോപ്പാകണം' എന്ന ഉദ്ധരണിക്കു ശേഷം 'സൃഷ്ടിപരത തന്റെ എഴുത്തിലൂടെ അടയാളപ്പെടുത്തിയ അക്ഷരപുരുഷനോ അക്ഷരധാരിയോ ആയിരുന്നു ഈ ഫിസിക്സ് ബിരുദധാരി' എന്നാണ് ഇബ്റാഹിം ബേവിഞ്ച പുസ്തകത്തിന്റെ അവതാരികയിൽ കോയക്കുട്ടി മൗലവിയെ വിശേഷിപ്പിച്ചിട്ടുള്ളത്.




വിചാരം ബുക്സ്, തൃശൂർ.
വില: 150. പേജ്: 175.

**ഖു**ർആൻ വിവർത്തകൻ, ബഹുഭാഷാ പണ്ഡിതൻ, പ്രഭാഷകൻ എന്നീ നിലകളിൽ ദക്ഷിണ കേരളത്തിൽ ഖ്യാതി നേടിയ ഒരു മഹദ്വ്യക്തിയായിരുന്നു മുട്ടാണിശ്ശേരിൽ എം. കോയാക്കുട്ടി മൗലവി (1926-2013). അദ്ദേഹത്തിന്റെ ശാസ്ത്ര വീക്ഷണമുള്ള 'ഖുർആൻ ശാസ്ത്ര ചിന്തകൾ' എന്ന കൃതി മതത്തെയും ശാസ്ത്രത്തെയും ചിന്താബന്ധുരമായി സമന്വയിപ്പിച്ചിരിക്കുന്നു. തികച്ചും ലളിതവും സുഗ്രാഹ്യവുമായാണ് ഗൗരവമാർന്ന വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്.

ജി. കുമാരപിള്ളയുടെ 'നന്മതൻ ജീവാവതാരമാവണം, ഒരു പൂവാവുന്നതിനേക്കാൾ പൂന്തോപ്പാകണം' എന്ന ഉദ്ധരണിക്കു ശേഷം 'സൃഷ്ടിപരത തന്റെ എഴുത്തിലൂടെ അടയാളപ്പെടുത്തിയ അക്ഷരപുരുഷനോ അക്ഷരധാരിയോ ആയിരുന്നു ഈ ഫിസിക്സ് ബിരുദധാരി' എന്നാണ് ഇബ്റാഹിം ബേവിഞ്ച പുസ്തകത്തിന്റെ അവതാരികയിൽ മൗലവിയെ വിശേഷിപ്പിച്ചിട്ടുള്ളത്. വിശ്വചരിത്രകാരനും തത്ത്വചിന്തകനുമായ ഇബ്നുഖൽദൂന്റെ വിശ്വപ്രസിദ്ധ രചനയായ *മുഖദ്ദിമ* ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നുകൊണ്ടാണു മൗലവി വിവർത്തനം ചെയ്തിട്ടുള്ളത്. 'ദൈവനിയുക്തമായ നിരക്ഷരത്വത്തെ സ്വയം നിലനിർത്തിക്കൊണ്ടുതന്നെ പ്രവാചകൻ ഖുർആൻ പഠിപ്പിക്കുകയും എഴുതി ഇടുവാൻ ശുഷ്കാന്തി കാട്ടുകയും ചെയ്തു എന്നാണ് ഖുർആന്റെ ആദ്യ കൈയെഴുത്ത് പ്രതിയെ പരാമർശിക്കുമ്പോൾ മൗലവിയുടെ കമന്റ്. 'ദൈവം ആകാശഭൂമികളുടെ പ്രകാശമാണ്' എന്ന ഖുർആൻ വാക്യം ഉദ്ധരിച്ചതിനുശേഷം ആ ദൈവം എന്തുകൊണ്ട് മാലോകരെ സാക്ഷരരാക്കാൻ നിരക്ഷരനായ ഒരു പ്രവാചകനെ നിയോഗിച്ചു എന്ന 'ക്രമപ്രശ്ന'വും അദ്ദേഹം ഉന്നയിക്കുന്നു. പത്ത് അധ്യായങ്ങളുണ്ട് പുസ്തകത്തിന്. 'മുട്ടാണിശ്ശേരി വായനക്കാരന് പുതുചിന്തകൾ നൽകുന്നതോടൊപ്പം മാറിച്ചിന്തിക്കാനും, പുതുവഴിയിലൂടെ ഒരു ധീര നൂതന ലോകം സൃഷ്ടിക്കാനുള്ള പ്രേരണയും നൽകിയേക്കാം.' എന്ന് അവതാരികയിൽ ഇബ്റാഹീം ബേവിഞ്ച കുറിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്.

'ഖുർആന്റെ ആദ്യത്തെ കൈയെഴുത്ത്' എന്ന ഒന്നാം അധ്യായത്തിൽ, എഴുത്തുകല പ്രായേണ പ്രാകൃതമായിരുന്ന കാലഘട്ടത്തിൽ തൂവൽത്തുമ്പുകൾ ഉപയോഗിച്ച് അവതരണ ഘട്ടത്തിൽ തന്നെ ഖുർആൻ സൂക്തങ്ങൾ എഴുതാനുള്ള നിഷ്കർഷ സ്വീകരിച്ചതായി കാണാം. പ്രവാചക സഖാക്കളായ പുരുഷന്മാരിൽ പത്ത് ശതമാനം പേർ ഖുർആൻ പൂർണമായി ഹൃദിസ്ഥമാക്കിയിരുന്നു. ഇതര മതങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രാർഥനാ വേളയിൽ, വേദപുസ്തകം നോക്കി വായനക്കുപകരം ഖുർആൻ ഹൃദിസ്ഥമാക്കി പാരായണം ചെയ്യാനാണ് കൽപ്പന. ഖുർആൻ ശേഖരത്തിലും സൂക്ഷിപ്പിലും ആദ്യകാല മുസ്‌ലിംകൾ എത്രത്തോളം ജാഗരൂകരായിരുന്നുവെന്ന് രണ്ടാം അധ്യായം 'ഖുർആൻ സമാഹരണം, ഒരത്ഭുതം' സൂചിപ്പിക്കുന്നു. 'ഖുർആനിലെ ആദ്യ സൂക്തങ്ങൾ' എന്ന മൂന്നാം അധ്യായത്തിൽ 96-ാമത്തെ സൂറഃയിൽ അവതരിപ്പിക്കപ്പെട്ട പഞ്ചസൂക്തങ്ങളുടെ സാരാംശം വിവരിച്ചിരിക്കുന്നു. ഈ പഞ്ചവാക്യങ്ങളിൽ 'വായന' രണ്ടാവൃത്തിയും 'പേന' ഒരു വട്ടവും 'അറിവ്' മൂന്നിടത്തും പരാമർശ

വിധേയമായിരിക്കുന്നു. 'ശാസ്ത്രവേദ സംഗമം ഖുർആനിൽ' എന്ന അടുത്ത അധ്യായത്തിൽ, മൗലവിയുടെ പഠനം 'Science Behind the Miracle' നെപ്പറ്റി പരാമർശിച്ചിരിക്കുന്നു. ഗണിതത്തിലെ ചരാങ്കത്തിന്റെ സംജ്ഞയായ xyz ചില ഖുർആൻ സൂറഃകളുടെ മുഖവുരയായ الم، عسق എന്നിവയുമായി താരതമ്യപ്പെടുത്തുക വഴി, ഖുർആനും ശാസ്ത്രവുമായി നിലനിൽക്കുന്ന അനിഷേധ്യമായ ബന്ധങ്ങളാണ് അനാവൃതമാവുന്നത്.

'അല്ലാഹുവിന്റെ ആധിപത്യം' എന്ന അധ്യായം ആയത്തുന്നൂറും ആയത്തുൽ കുർസിയും, അല്ലാഹുവിന്റെ ഹയ്യ്, ഖയ്യൂം എന്നീ സ്വയം നിലനിൽക്കുന്ന വിശേഷണങ്ങളും സൂചിപ്പിക്കുന്നു. പ്രപഞ്ചത്തെപ്പറ്റിയുള്ള ചർച്ചയിൽ, നമ്മുടെ സൗരയൂഥത്തിലുള്ള പദാർഥങ്ങളുടെ സാന്ദ്രത വീർപ്പിക്കപ്പെട്ടാൽ അനേക കോടി പ്രകാശവത്സരങ്ങളുടെ വ്യാപ്തിയുള്ള അനവധി പ്രപഞ്ചങ്ങൾ ഉണ്ടായേക്കാം എന്ന് വിവരിക്കുന്നു. 'പ്രകാശവേഗത്തിനപ്പുറം' എന്ന അധ്യായത്തിൽ സൂര്യാസ്തമയത്തെപ്പറ്റി 'അത് ആകാശത്തിനിന്ന് ആകാശത്തേക്ക് അസ്തമിക്കുന്നു' എന്ന പ്രവാചക വചനവും, 'ദൈവസന്നിധിയിലെ ഒരു ദിവസം നിങ്ങൾ എണ്ണുന്നതിൽപെട്ട ഒരായിരം വർഷങ്ങൾ പോലെയാണ്' എന്ന വേദവചനവും കൊടുത്തിരിക്കുന്നു.

ശാസ്ത്ര സത്യങ്ങൾക്കൊന്നിനും പരമ സത്യങ്ങളുടെ പദവിയില്ല.... എന്നാൽ മതം നിത്യസത്യങ്ങളെയാണ് അവതരിപ്പിക്കുന്നത്; അത് ദൈവദത്തമാണ്....' എന്ന് തുടങ്ങിയ കാര്യങ്ങൾ 'ശാസ്ത്രവും മതവും' എന്ന അധ്യായത്തിൽ പരാമർശിച്ചിരിക്കുന്നു. മതവിശ്വാസത്തിലെ ചില വൈരുധ്യങ്ങളും ചൂണ്ടിക്കാണിക്കുന്നു: ഒരൊറ്റ പിതാവിൽ നിന്നു മനുഷ്യജാതിയെ സൃഷ്ടിച്ചുവെന്ന് ഖുർആൻ പറയുന്നില്ല. സ്വർഗത്തിലാണ് ആദാമിനെ സൃഷ്ടിച്ചതെന്നും പറയുന്നില്ല. അപ്പോൾ മറ്റൊരു ചോദ്യം: ആദാമും ഭാര്യയും ഭൂമിയിലെ ഒരു തോട്ടത്തിൽ എങ്ങനെ എത്തി?

'ശുദ്ധീകരണം' എന്ന അടുത്ത അധ്യായത്തിൽ ശുചീകരണ വിഷയത്തിൽ ഇസ്‌ലാമും ക്രിസ്ത്യാനിറ്റിയും തമ്മിലുള്ള ചില വ്യത്യാസങ്ങൾ പറയുന്നു: വസ്ത്രശുദ്ധീകരണം, ശാരീരിക-മാനസിക മാലിന്യങ്ങൾ ഒഴിവാക്കൽ, മലവിസർജന ശുചീകരണം, മൂത്രവിസർജന ശുചീകരണം എന്നിവ ദൈവികാരാധന സ്വീകരിക്കുന്നതിന്റെ ഉപാധിയായി ഇസ്‌ലാമിനെ പോലെ ക്രിസ്ത്യാനിറ്റി നിർദേശിക്കുന്നില്ല എന്ന് മൗലവി വെളിപ്പെടുത്തുന്നു.

അടുത്ത അധ്യായം 'യേശു ക്രൂശിക്കപ്പെട്ടുവോ.' ഇതിൽ, നിലവിലുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ കടക്കൽ കത്തിവെക്കുന്ന പല വസ്തുതകളും മൗലവി വെളിപ്പെടുത്തിയിരിക്കുന്നു: 'ജൂദാസ് നിക്കോദിമോസിനെഴുതിയ കത്തിൽ, ക്രിസ്തു ശത്രുക്കളിൽ നിന്നും രക്ഷപ്പെട്ടു; പകരം ക്രിസ്തു ഭക്തനായ ജയിംസാണ് ക്രൂശിക്കപ്പെട്ടത്; വിശുദ്ധ മാതാവ് മറിയവും ക്രിസ്തുവിനെ അനുഗമിച്ച് അപ്രത്യക്ഷയായി, പിടിക്കപ്പെട്ടതിനുശേഷം യേശു ഒരു അത്ഭുതവും കാണിച്ചിട്ടില്ല. അതിനാൽ അത് യേശുവായിരുന്നില്ല:' ഇവ്വിധം മൗലികമായ പല ഭിന്നാഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്.

അവസാന അധ്യായത്തിൽ പറയുന്നു: 'ക്രിസ്തു ചിക്കാഗോ നഗരത്തിൽ വരുമെങ്കിൽ' എന്നതിൽ, ചിക്കാഗോ നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള പടുകൂറ്റൻ കുരിശും തന്റെ പേരിലുള്ള മതവുമായി എന്തു ബന്ധമാണുള്ളത്? തന്റെ ശത്രുക്കളുടെ ആയുധം എങ്ങനെ തന്റെ മതചിഹ്നമായി മാറി? ദൈവം ഉൽപത്തി 17:10–14 ൽ അരുൾ ചെയ്യുന്നു: ".....നിങ്ങളുടെ അഗ്രചർമം പരിഛേദനം ചെയ്യണം. അത് എനിക്കും നിങ്ങൾക്കും മധ്യേയുള്ള നിയമത്തിന്റെ അടയാളം ആകും... അഗ്രചർമിയായ പുരുഷപ്രജയെ പരിഛേദന ഏൽക്കാതിരുന്നാൽ ജനത്തിൽനിന്ന് ഛേദിച്ചുകളയേണം, അവൻ എന്റെ നിയമം ലംഘിച്ചിരിക്കുന്നു."

മൗലവി തന്റെ പുസ്തകം അവസാനിപ്പിക്കുന്നത് ഈ ബൈബിൾ വാക്യത്തോടെയാണ്: "സഹോദരാ, നിന്റെ കണ്ണിൽ കോൽ ഇരിക്കേ, അന്യന്റെ കണ്ണിൽ കരട് ഉണ്ടോ എന്ന് നോക്കുന്നത് എത്ര അപഹാസ്യം?" അതെ, തമ്മിൽ കുലംകുത്തുന്ന വ്യക്തികളോടും സമൂഹങ്ങളോടുമൊക്കെ പരത്തി ചോദിക്കേണ്ട ചോദ്യം.

നിലവിലുള്ള ക്രൈസ്തവ-ഇസ്‌ലാം മതസങ്കൽപ്പങ്ങൾക്കു നേരെ ചില ചാട്ടുളികൾ പ്രയോഗിക്കുന്നതിലൂടെ, ശരിക്കും ചിന്തോദ്ദീപകമായ (Thought Provoking) ആശയങ്ങളാണ് മൗലവി അവതരിപ്പിച്ചിട്ടുള്ളത്. പുസ്തകത്തിന്റെ പേര് ഉള്ളടക്കത്തോട്, അഥവാ ഉള്ളടക്കം പേരിനോട് അത്ര അനുയോജ്യമായോ എന്ന് സംശയം. ■


## Matrimonial

പ്രസ്ഥാന കുടുംബത്തിലെ യുവതി (21/5'3"). B.Tech (EC). തിരുവനന്തപുരം ജില്ല. പ്രഫഷണൽ യോഗ്യതയുള്ള യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**7558071345**

പ്രസ്ഥാന കുടുംബത്തിലെ യുവതി (25/149 cm). BA. BEd. വയനാട് ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലക്കാർക്ക് മുൻഗണന.

**9495369361, 9747554194**

പ്രസ്ഥാന പ്രവർത്തകന്റെ സഹോദരി (30). SSLC. സാമാന്യ സൗന്ദര്യം. മലപ്പുറം ജില്ല. ആലോചനകൾ ക്ഷണിക്കുന്നു. പുനർവിവാഹക്കാരെയും പരിഗണിക്കും.

**9747716519, 9895506547**